പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 754 | 11.03.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഇംഹാൻസ് പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി. കെ.കെ. ലതിക | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കോഴിക്കോട് ഇംഹാൻസ് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ; | എ) | ഇംഹാൻസിന്റെ നേതൃത്വത്തിൽ, വയനാട് ജില്ലയിൽ, കേന്ദ്ര സർക്കാരിന്റെ ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായിട്ടുള്ള ജില്ലാ മാനസികാരോഗ്യ പരിപാടിയും കാസർഗോഡ്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ സാമ്പത്തിക സഹായത്തോടെ തുടങ്ങിയ സാമൂഹ്യമാനസികാരോഗ്യ പദ്ധതിയും നടത്തിവരുന്നു. കുട്ടികളിലെ ബുദ്ധിവികാസ-വൈകാരിക-പഠന പ്രശ്നങ്ങൾക്കുള്ള ചൈൽഡ് ഡവലപ്പ്മെന്റ് സർവ്വീസ്,(സി.ഡി.എസ്) സാമൂഹ്യമാനസികാരോഗ്യ പദ്ധതി മാതൃകയിൽ കുട്ടികളിലെ മാനസികപ്രശ്നങ്ങളുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി ഡവലപ്മെന്റൽ ഡിസബിലിറ്റി പ്രോജക്ട് (സി.ഡി.ഡി.പി) പദ്ധതിയും ഇംഹാൻസിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. കൂടാതെ, മികവിന്റെ കേന്ദ്രമായി മാറുന്നതിന്റെ ഭാഗമായി, സൈക്യാട്രിക് സോഷ്യൽ വർക്ക് എം ഫിൽ കോഴ്സ് ആരംഭിക്കുകയും, സൈക്യാട്രി, ക്ലിനിക്കൽ സൈക്കോളജി, സൈക്യാട്രിക് നഴ്സിങ് എന്നിവയിൽ പോസ്റ്റ്ഗ്രാജ്വേറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | ഇംഹാൻസിന്റെ പ്രവർത്തനം വിപുല പ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതി കൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | ബി) & സി) | ഉണ്ട്. മാനസിക രോഗികൾക്ക് സമഗ്ര ചികിത്സയും അവരുടെ പുരധിവാസവും ലക്ഷ്യമാക്കിയുള്ള ഒരു ഔട്ട് റീച്ച് ക്ലിനിക്, കുറ്റ്യാടിക്കടുത്ത് മൊകേരിയിൽ തുടങ്ങുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ, ഇംഹാൻസിനെ അന്താരാഷ്ട്ര നിലവാര ത്തിലേക്കുയർത്തുന്നതിനും, റീജനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് &ന്യൂറോസയൻസസ് ആയി ഈ സ്ഥാപനത്തെ വളർത്തുന്നതിനുമായി ഫണ്ട് അനുവദിക്കുന്നതിനായി വിശദമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| സി | ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കുമോ? | | |

സെക്ഷൻ ഓഫീസർ